(എഫ്) ഇപ്രകാരമുള്ള സംഘടനകൾക്ക് കിട്ടുന്ന ധന സഹായം എന്തിനാണ് ഉപയോഗിക്കുന്നതെന്ന് ഗവൺമെൻറ് പരിശോധിക്കാറുണ്ടോ;

(ജി) ഇങ്ങനെ സംഘടനകൾക്ക് കിട്ടുന്ന ധനസഹായം ദുരുപയോഗപ്പെടുത്തുന്നതായി ഗവൺമെൻറിൽ പരാതി കിട്ടിയിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇതിനെ സംബന്ധിച്ച വിശദവിവരങ്ങൾ കേന്ദ്ര സർക്കാരാണ് സൂക്ഷിക്കുന്നത്.

(ഡി) ഗവൺമെൻറിന്റെ അറിവിൽ ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) കേന്ദ്ര ഗവൺമെൻറ് പരിശോധിക്കാറുണ്ട്.

(ജി) ഇല്ല.

(എച്ച്) ഉദിക്കുന്നില്ല.

സെൻറ് തോമസ് ദിനം

23 [27] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സെൻറ് തോമസ് ദിനമായ ജൂലായ് 3 പൊതു ഒഴിവ് ദിവസമായി പ്രഖ്യാപിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിലുള്ള പൊതു ഒഴിവുകളുടെ എണ്ണം കൂട്ടാതിരിക്കുക എന്നതാണ് ഗവൺമെൻറ് നയം.

കോഴിക്കോട് വിമാനത്താവളം

24 [28] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവള നിർമ്മാണ പ്രവർത്തനങ്ങൾ എത്രത്തോളമായിട്ടുണ്ട്;

(ബി) ഈ വിമാനത്താവളത്തിന്റെ പ്രവർത്തനത്തിനായി സംസ്ഥാന ഗവൺമെൻറ് ഇതുവരെയായി എന്തെല്ലാമാണ് ചെയ്തിട്ടുള്ളത്; ഇതിനുവേണ്ടി എത്ര രൂപ ചെലവഴിക്കുകയുണ്ടായി;

(സി) സംസ്ഥാന ഗവൺമെൻറ് ഇനി എന്തെല്ലാമാണ് ചെയ്യേണ്ടത്; ഇതിനുവേണ്ടി എത്ര രൂപ ചെലവഴിക്കേണ്ടതുണ്ട്;

(ഡി) ഈ വിമാനത്താവളം എന്നത്തേയ്ക്ക് പ്രവർത്തനയോഗ്യമാകുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly